# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത                                         09.03.2018-ലെ മറുപടി

ചോദ്യം നമ്പർ: **2398**

## പൈപ്പുകൾ പൊട്ടി ജലം പാഴായി പോകാതിരിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, എ.എൻ.ഷംസീർ<br>,, എം.മുകേഷ്<br>,, വി.അബ്ദുറഹിമാൻ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കുടിവെള്ള വിതരണ പൈപ്പുകൾ പൊട്ടി ജലം പാഴായി പോകുന്നത് തടയുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(ബി) പൈപ്പു പൊട്ടൽ മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും ജലനഷ്ടവും പരിഗണിച്ച് സംസ്ഥാനത്തെ കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് നവീന പദ്ധതികൾ ആവിഷ്കരിക്കുമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് ജല അതോറിറ്റി സ്ഥാപിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പ്രത്യേകം പൈപ്പ് പോളിസിക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ പൈപ്പുകൾ സപ്ലൈ ചെയ്യുന്നതിന് മുൻപ് അതാത് ഫാക്ടറിയിൽ വെച്ച് നിഷ്കർഷിക്കുന്ന പ്രകാരമുള്ള പരിശോധനകൾ അതോറിറ്റി എൻജിനീയർമാർ വഴിയോ തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ഏജൻസി വഴിയോ നടത്തുന്നുണ്ട്. ഇതിനു പുറമെ പൈപ്പുകൾ സ്ഥാപിച്ചതിനു ശേഷം സൈറ്റിൽ നിശ്ചിത മർദ്ദത്തിൽ ഹൈഡ്രോസ്റ്റാറ്റിക് പ്രഷർ ടെസ്റ്റും നടത്തുന്നുണ്ട്. കാലപ്പഴക്കം ചെന്നതും കേടായതുമായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ജലവിതരണ പൈപ്പുകൾ പൊട്ടിയുള്ള ജലനഷ്ടം പരിഹരിക്കുന്നതിനും, ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ പ്രൊപ്പോസലുകൾക്കു തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.<br><br>കൂടാതെ-കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരങ്ങളിൽ (തിരുവനന്തപുരം, |

കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 144.25 കോടി രൂപയുടെ ഭരണാനുമതി 16 പ്രൊപ്പോസലുകൾക്ക് നൽകിയിട്ടുണ്ട്. ഇതിനു പുറമെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയും ധന ലഭ്യതയ്ക്കനുസരിച്ച് പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നുണ്ട്.

(സി) കടിവെള്ള പദ്ധതി നിലവിലില്ലാത്ത പ്രദേശങ്ങളിൽ വെള്ളമെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി) ധനലഭ്യതയ്ക്കനുസൃതമായി സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കൽ, നിലവിലുള്ള പൈപ്പ് ലൈനുകളിൽ നിന്നും ജലവിതരണമില്ലാത്ത സ്ഥലങ്ങളിലേക്ക് പൈപ്പുകൾ നീട്ടി സ്ഥാപിക്കൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നേരിട്ടും, വാട്ടർ അതോറിറ്റിയുടെ ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിന്നും കുടിവെള്ളം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ